# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: T 2457 — 09.07.2015 -ൽ മറുപടിയ്ക്ക്

## ലൈബ്രറി കൗൺസിലുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു:വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ലൈബ്രറി കൗൺസിലുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് ഏതെല്ലാം സർക്കാർ ഏജൻസികളിൽ നിന്നും എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ/സഹായധനങ്ങൾ നൽകുന്നുണ്ട് ; | (എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന രാജാറാം മോഹൻ റോയി ലൈബ്രറി ഫൗണ്ടേഷനിൽ നിന്നുള്ള വിവിധ ഗ്രാന്റുകൾ, എം.എൽ.എ. - എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള ഗ്രാന്റ് എന്നിവ ഗ്രന്ഥശാലകൾക്ക് ലഭ്യമാണ്. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, കെട്ടിട ഗ്രാന്റ് എന്നിവയും ജില്ലാ ലൈബ്രറി കൗൺസിലുകൾ വഴി നടപ്പിലാക്കുന്ന വികസന പദ്ധതികൾ വഴി വിവിധ ഗ്രാന്റുകൾ എന്നിവയും ലഭിച്ചുവരുന്നു. |
| (ബി) ഇത്തരം ഗ്രന്ഥശാലകൾക്ക് പ്രസ്തുത സഹായങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) രാജാറാം മോഹൻറോയി ഫൗണ്ടേഷൻ ഗ്രാന്റ് നൽകുന്നത് ഈ ഫൗണ്ടേഷന്റെ സ്റ്റേറ്റ് ലൈബ്രറി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. ഫൗണ്ടേഷൻ ഗ്രാന്റ് നൽകുന്ന ഓരോ പദ്ധതിക്കും പ്രത്യേകമായി നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് ഫൗണ്ടേഷന്റെ വെബ്സൈറ്റായ rrrlf.nic.in-ൽ ലഭ്യമാണ്. |
| (സി) മതിയായ സഹായം ലഭ്യമല്ലാത്തതുകാരണം പല ഗ്രാമീണ ഗ്രന്ഥശാലകളും പ്രവർത്തന രഹിതമായിത്തീരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രന്ഥശാലകൾക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഴി ഗ്രാന്റ് നൽകിവരുന്നു. |
| (ഡി) ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് നൽകുന്ന ലൈബ്രേറിയൻ അലവൻസ് തുച്ഛമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് വർദ്ധിപ്പിച്ചു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയന്മാർക്ക് നൽകിവരുന്ന ഗ്രാന്റ് പരിഷ്കരിക്കുന്ന സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ